# കേരള സർവകലാശാല

നം.പി.ആർ.198/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ടൈംടേബിൾ

2018 സെപ്റ്റംബർ/ഒക്ടോബർ മാസത്തിൽ നടക്കുന്ന നാലാം സെമസ്റ്റർ റെഗുലർ ബി.ടെക് കോഴ്സ് കോഡിൽ വരുന്ന രണ്ടും നാലും സെമസ്റ്റർ ബി.ടെക് പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2008 സ്കീം) പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ.

### ക്ലാസുകൾ ആരംഭിക്കുന്നു

സർവകലാശാലയിലെ എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും സെമസ്റ്റർ സി.ബി.സി.എസ്/കരിയർ റിലേറ്റഡ് ഡിഗ്രി കോഴ്സുകളുടെ ക്ലാസ്സുകൾ അക്കാഡമിക് കലണ്ടർ പ്രകാരം 2018 സെപ്റ്റംബർ 10 ന് ആരംഭിക്കുന്നതാണ്.

### അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലീം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി: 6 മാസം, യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി. അപേക്ഷ കോളേജിലെ തുടർ വിദ്യാഭ്യാസ യൂണിറ്റിൽ നിന്ന് ലഭിക്കും. അപേക്ഷാഫീസ് 110 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0472–2867555, 7293973530 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

### റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ് ലെ 2018–2019 വർഷത്തെ എം.എസ്.ഡബ്ല്യു, എം.എ.എച്ച്.ആർ.എം കോഴ്സുകളുടെ അഡ്മിഷനു വേണ്ടിയുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി ഇന്ന് (07.09.2018)

ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് (2018 – 19 അദ്ധ്യയന വർഷം) പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in)പ്രസിദ്ധീകരിച്ചു.

വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും/പുനർക്രമീകരിക്കുന്നതിനും/

പ്രൊഫൈലിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനും സെപ്റ്റംബർ 7 വരെ സമയം ഉണ്ടായിരിക്കും. മാറ്റങ്ങൾ വരുത്തുന്നവർ അതിനു ശേഷമുള്ള പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്.

കമ്മ്യൂണിറ്റി ക്വാട്ട, സ്പോർട്സ് ക്വാട്ട എന്നിവയിലേക്ക് അപേക്ഷിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും ബന്ധപ്പെട്ട കോളേജുകളിൽ സെപ്റ്റംബർ 7 നകം സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി ഇന്ന്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
06.09.2018



പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098